പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2260 | 8.07.2015- ൽ മറുപടി നല്കേണ്ടത്. |

**പഴങ്ങളിലും പച്ചക്കറികളിലും അനിയന്ത്രിതമായി കീടനാശിനികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | അയൽ സംസ്ഥാനങ്ങ ളിൽ നിന്ന് കേരളത്തിലെത്തുന്ന പഴങ്ങളിലും പച്ചക്കറികളിലും അനിയന്ത്രിതമായികീടനാശിനികൾ പ്രയോഗിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | അവ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലെ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | ബി) | അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നതുൾപ്പെടെ സംസ്ഥാനത്ത് വിപണികളിൽ നിന്ന് പച്ചക്കറികളുടെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. എന്നാൽ അന്തർ സംസ്ഥാന ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തുക നിലവിൽ ഭക്ഷ്യസുരക്ഷാവകുപ്പിന് സ്ഥിരം സംവിധാനങ്ങളില്ല. എന്നാൽ ടി പോരായ്മകൾ മുൻനിർത്തി വിൽപന നികുതി വകുപ്പിന്റെ സേവനം കൂടി ഉപയോഗപ്പെടുത്തി അന്യസംസ്ഥാനത്തുനിന്ന് പച്ചക്കറികളുമായി സംസ്ഥാനത്തേക്ക് കടന്നുവരുന്ന വാഹനങ്ങളുടെ വിശദാംശങ്ങൾ ശേഖരിക്കുവാനും ടി വാഹനങ്ങൾക്ക് ജൂലൈ 15 നകം ഭക്ഷ്യസുരക്ഷ രജിസ്ട്രേഷൻ നിർബന്ധമാക്കാനുമുള്ള നടപടികൾ ഇതിനകം തുടങ്ങികഴിഞ്ഞു. കൂടാതെ പച്ചക്കറികളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള അനലറ്റിക്കൽ ലാബുകൾ ശക്തിപ്പെടുത്താനുള്ള നടപടികളും തുടങ്ങികഴിഞ്ഞു. കൂടാതെ ടി വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വിവിധ വകുപ്പ് മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് ചേർത്ത് ചർച്ച ചെയ്തിട്ടുള്ളതും പ്രസ്തുത യോഗത്തിന്റെ തീരുമാന പ്രകാരമുള്ള തുടർനടപടികൾ ഇതിനകം ആരംഭിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ